(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടത്ര ശ്രദ്ധ കാണിക്കാത്തത് സർക്കാരിന്റെ പൊതുമേഖലയോടുള്ള താല്പര്യക്കുറവും സഹകാര്യ സംരംഭകർക്ക് ഒത്താശ ചെയ്യുന്ന സമീപനവുമാണ് വ്യക്തമാക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കൊച്ചി കപ്പൽശാല. പ്രതിരോധ വാണിജ്യ മേഖലകളിൽ നിന്നുള്ള ഓർഡറുകൾ കൊച്ചി കപ്പൽ ശാലയ്ക്ക് ലഭിക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ബദ്ധശ്രദ്ധമാണ്. നിലവിൽ ഇന്ത്യൻ നാവികസേനയ്ക്ക് വേണ്ടി ഏറ്റവും വലിയ തദ്ദേശ നിർമ്മിത വിമാനവാഹിനി കപ്പലിന്റെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുകയാണ് കൊച്ചി കപ്പൽശാല. ഇതിന്റെ ആദ്യഘട്ടം പൂർത്തിയാക്കുകയും രണ്ടാം ഘട്ടത്തിന്റെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ തീരസംരക്ഷണസേനയ്ക്ക് വേണ്ടി 20 അതിവേഗ നിരീക്ഷണ കപ്പലുകൾ നിർമ്മിക്കുവാനുള്ള ഓർഡറും കൊച്ചി കപ്പൽശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇവയിൽ 13 കപ്പലുകൾ നിർമ്മിച്ച് സേനയ്ക്ക് കൈമാറിയിട്ടുമുണ്ട്.

(ബി) ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊച്ചി കപ്പൽശാല ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. ഇന്ത്യയിലെ മികച്ച കപ്പൽ നിർമ്മാണശാലകളിൽ ഒന്നായി കൊച്ചി കപ്പൽശാലയെ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം വിലയിരുത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിലോ, ഭരണപരമായ കാര്യങ്ങളിലോ സംസ്ഥാന സർക്കാരിന് യാതൊരു നിയന്ത്രണവുമില്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുവാനും നിലനിർത്തുവാനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനുവേണ്ടി സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

205 (3359) ശ്രീ. ടി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും ഭൂമി നഷ്ടപ്പെട്ടവർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടി എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ജില്ലയിൽ ഇതു സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. എറണാകുളം ജില്ലയിൽ 43 കി. മീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. എറണാകുളം, മലപ്പുറം ജില്ലകളിലെ പഞ്ചനാമ തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ട്. വെൽഡിംഗ് കഴിഞ്ഞ് ഉപരിതലത്തിൽ 32 കിലോമീറ്റർ ദൂരത്തിൽ കിടക്കുന്ന പൈപ്പുകൾ ഭൂമിക്കടിയിലേക്ക് നിക്ഷേപിക്കുവാനായി 11-6-2015-ൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാംഘട്ടം ഉൾപ്പെടുന്ന മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ പൈപ്പ് ലൈൻ ഇടുന്നതിനെതിരെ ജനങ്ങളുടെ ശക്തമായ എതിർപ്പ് അനുഭവപ്പെടുന്നുണ്ട്. പൈപ്പ് ലൈനിന്റെ സുരക്ഷിതത്വത്തെപ്പറ്റിയുള്ള ആശങ്കയും, നഷ്ടപരിഹാരത്തുക സംബന്ധിച്ച തർക്കവുമാണ് പദ്ധതിക്കെതിരെ ഉയർന്നിട്ടുള്ള ജനകീയ പ്രക്ഷോഭസമരങ്ങൾക്ക് ആധാരമായിട്ടുള്ളത്. പൈപ്പ് ലൈനിന്റെ സുരക്ഷയെപ്പറ്റി ജനങ്ങളുടെ മനസ്സിലുടലെടുത്തിട്ടുള്ള ആശങ്ക അടിസ്ഥാനരഹിതമാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ സർക്കാർ വകുപ്പുകൾ വിവിധ എൻ.ജി.ഒ.കൾ മുഖേനയും GAIL അധികൃതർ നേരിട്ടും ബോധവത്കരണപരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതോടൊപ്പം പത്രപരസ്യങ്ങളിലൂടെയും ലഘുലേഖകൾ വിതരണം ചെയ്തും എഫ്.എം. റേഡിയോയിലെ പരസ്യങ്ങളിലൂടെയും പദ്ധതികൊണ്ട് സംസ്ഥാനത്തിനും ജനങ്ങൾക്കുമുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് അവബോധം വളർത്തുവാനും ശ്രമിക്കുന്നുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമിയുടെ വിനിയോഗാവകാശം മാത്രമേ GAIL-ന് നൽകേണ്ടതുള്ളൂ. ആയതിനാൽ പി. ആന്റ് എം.പി. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഭൂമിയുടെ ന്യായവിലയുടെ 10% മാത്രമാണ് നഷ്ടപരിഹാര തുകയായി ഭൂഉടമകൾക്ക് GAIL നൽകേണ്ടത്. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യം, സ്ഥല ദൗർലഭ്യം തുടങ്ങിയവ പരിഗണിച്ചും ജനകീയ പ്രക്ഷോഭങ്ങൾ കണക്കിലെടുത്തും നഷ്ടപരിഹാരത്തുക ഭൂമിയുടെ ന്യായവിലയുടെ 50% വരെ വർദ്ധിപ്പിച്ച് നൽകുവാൻ GAIL സന്നദ്ധത അറിയിച്ചിട്ടുണ്ട്. കൂടാതെ നഷ്ടപ്പെടുന്ന വൃക്ഷാദികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ് എന്നീ താലൂക്കുകളിലൂടെയാണ് പൈപ്പ് ലൈൻ വിന്യസിക്കുന്നത്. ജില്ലയിൽ മൊത്തം പൈപ്പ് ലൈൻ വിന്യസിക്കേണ്ടത് 83.7 കി.മീറ്റർ ദൂരത്തിലാണ് പി. & എം.പി. ആക്ട് സെക്ഷൻ 3(1), 6(1) എന്നിവ പ്രകാരമുള്ള വിജ്ഞാപനം കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ചുള്ള പഠനം

206 (3360) ശ്രീ. സണ്ണി ജോസഫ് : ശ്രീമതി കെ.കെ. ലതിക :

(എ) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകളുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) മേഖല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ചെറുകിട - ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ച് വരികയാണ്.

വ്യവസായ വികസനം

207 (3361) ശ്രീ. കെ.വി. അബ്ദുൾ ഖാദർ : ശ്രീമതി കെ.കെ. ലതിക :

(എ) കൊല്ലത്തെ വ്യവസായ വികസനം ഉറപ്പുവരുത്തുന്നതിനായി സർക്കാർ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്;

(ബി) എത്രമാത്രം തുക ചെലവഴിച്ചിട്ടുണ്ട്;

(സി) വ്യവസായ വികസനത്തിന് പ്രധാന തടസ്സമായി ചൂണ്ടിക്കാണിക്കപ്പെടുന്ന കാര്യങ്ങൾ എന്തെല്ലാം; പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) കൊല്ലത്തെ വ്യവസായ വികസനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?